**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3690** **26-10-2021 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡ് നൽകുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വഖഫ് ബോർഡ് നൽകുന്ന ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വഖഫ് ബോർഡ് നൽകുന്ന ക്ഷേമ പെൻഷനുകൾ, വിധവ-ചികിത്സ-വിവാഹ ധനസഹായ അപേക്ഷകൾ മൂന്ന് വർഷത്തിലധികമായി കെട്ടിക്കിടക്കുന്നത് തീർപ്പ് കല്പിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; തീർപ്പാക്കാനുള്ള വിവിധ അപേക്ഷകളുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി മാത്രമേ അപേക്ഷകൾ തീർപ്പ കല്പിക്കുവാൻ സാധിക്കുകയുള്ളൂ. 31-08-2021-ാം തീയ്യതി വരെ തീർപ്പാക്കാനുള്ള വിവിധ അപേക്ഷകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ക്ഷേമ പദ്ധതികൾക്കായി സംസ്ഥാന സർക്കാർ വഖഫ് ബോർഡിന് നൽകുന്ന വിഹിതം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂടുതൽ തുക വകയിരുത്തുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2017-18 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കേരള സംസ്ഥാന വഖഫ് ബോർഡിന് സോഷ്യൽ വെൽഫയർ ഗ്രാന്റ് ഇനത്തിൽ നൽകാൻ കുടിശ്ശിക ആയിരുന്ന 119.76 ലക്ഷം രൂപ 2020-21 സാമ്പത്തിക വർഷത്തെ '2075-00-800-78 സ്പെഷ്യൽ ഗ്രാന്റ് ടു വഖഫ് ബോർഡ്' എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 1 കോടി 32 ലക്ഷം രൂപയിൽ നിന്നും റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ അവശേഷിച്ച 12,24,000/- രൂപയും പ്രസ്തുത സാമ്പത്തിക വർഷം തന്നെ റിലീസ് ചെയ്ത് നൽകുകയുണ്ടായി. കൂടാതെ 2020 ഡിസംബർ മാസം വരെയുള്ള ധനസഹായം കൊടുത്തു തീർക്കുന്നതിന് 7,52,25,000/- രൂപ അധിക ധനസഹായമായി അനുവദിക്കണമെന്ന വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 2 കോടി രൂപ 2020-21 സാമ്പത്തിക വർഷം അധിക ധനസഹായമായി അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ സ്പെഷ്യൽ ഗ്രാന്റ് ഇനത്തിൽ 2075-00-800-78 സ്പെഷ്യൽ ഗ്രാന്റ് ടു |

| | | | |
|---|---|---|---|
| | | | വഖഫ് ബോർഡ് എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 132 ലക്ഷം രൂപയിൽ നിന്നും 100 ലക്ഷം രൂപ റിലീസ് ചെയ്ത് നല്കിയിട്ടുണ്ട്. |
| (ഡി) | കോവിഡ് സാഹചര്യത്തിൽ പ്രതിസന്ധിയിലായിരിക്കുന്ന വഖഫ് ജീവനക്കാരുടെ ഉന്നമനത്തിനായി പ്രത്യേക പാക്കേജ് നടപ്പാക്കാൻ തയ്യാറാകുമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**31-08-2021-ാം തീയ്യതി വരെ തീർപ്പാക്കാനുള്ള വിവിധ അപേക്ഷകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ**

| ക്രമ നമ്പർ | ഇനം | എണ്ണം | തുക | ആകെ നല്കുവാനുള്ള തുക |
|---|---|---|---|---|
| 1 | പെൻഷൻ | | | |
| | നിലവിലെ പെൻഷൻ | 1075 | 12,000/- | 1,29,00,000/- |
| | പുതിയ പെൻഷൻ | 121 | 8000/- | 9,68,000/- |
| 2 | ചികിൽസ | 1550 | 15000/- | 2,32,50,000/- |
| 3 | വിവാഹം | 3774 | 10,000/- | 3,77,40,000/- |
| 4 | ഇസ്ലാമിക് ചെയർ | 2021-22 | | 3,00,000/- |
| **ആകെ** | | | | **7,51,58,000/-** |